# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം–*** 686560

***ഫോൺ:*** 0481–2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 2**

---

## സിപാസ്; എം.ജി സർവകലാശാലക്കെതിരായ ഹർജി സുപ്രീം കോടതി തീർപ്പാക്കി

*സ്വാശ്രയ സ്ഥാപനങ്ങളിലെ ജീവനക്കാരെ സർക്കാർ നിയന്ത്രിത സൊസൈറ്റിയായ സിപാസിനു കീഴിൽ പുനർവിന്യസിച്ചതുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാലക്കെതിരായി ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസിലെ നടപടികൾ സുപ്രീം കോടതി അവസാനിപ്പിച്ചു. 2022 മെയ് 11ലെ സുപ്രീം കോടതിയുടെ നിർദേശമനുസരിച്ച് ജീവനക്കാർക്ക് അർഹമായ അനുകൂല്യങ്ങൾ സർവകലാശാല നൽകിയിട്ടുണ്ടെന്നും അതുകൊണ്ടുതന്നെ കോടതിയലക്ഷ്യം നിലനിൽക്കുന്നില്ലെന്നും ജസ്റ്റീസ് എം.എം. സുന്ദരേശ്, ജസ്റ്റീസ് അരവിന്ദ്കുമാർ എന്നിവർ ഉൾപ്പെട്ട പ്രത്യേക ബഞ്ച് നിരീക്ഷിച്ചു.*

*ജിവനക്കാരുടെ പിരിച്ചുവിടൽ, തിരിച്ചെടുക്കൽ തുടങ്ങിയ വിഷയങ്ങൾ കോടതിയലക്ഷ്യ ഹർജിയുടെ പരിധിയിൽ വരുന്നതല്ലെന്ന് 2024 ഒക്ടോബർ ഒന്നിലെ ഉത്തരവിൽ ചൂണ്ടിക്കാട്ടിയ കോടതി ഈ വിഷയത്തിൽ സത്യവാങ്മൂലം സമർപ്പിക്കാൻ സംസ്ഥാന സർക്കാരിന് നിർദേശം നൽകിയിരുന്നു. സർവകലാശാല നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ പുനഃക്രമീകരണം, സൊസൈറ്റി രൂപീകരണം എന്നിവ സംബന്ധിച്ച് സർക്കാർ സമർപ്പിച്ച വിശദമായ സത്യവാങ്മൂലം കൂടി പരിഗണിച്ചാണ് കോടതി കേസ് നടപടികൾ അവസാനിപ്പിച്ചത്.*

*പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് ആനുകൂല്യം നൽകുന്നതിനായി ഇതുവരെ സർവകലാശാല 19.5 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. സ്വാശ്രയ സ്ഥാപനങ്ങൾ സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്(സിപാസ്) എന്ന സൊസൈറ്റിക്ക് കീഴിലേക്ക് മാറ്റിയപ്പോൾ പുനർവിന്യാസത്തിനെതിരെ ജീവനക്കാരാണ് കോട*

*തിയെ സമീപിച്ചത്. 2017 മുതലുള്ള വ്യവഹാരമാണ് സുപ്രീം കോടതിയുടെ ഈ തീരുമാനത്തോടെ അവസാനിച്ചത്.*

*സർവകാശാലയ്ക്കുവേണ്ടി സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകൻ അഡ്വ. പി.എൻ. മിശ്ര, അഡ്വ. സാക്ഷി കക്കർ, അഡ്വ. ശക്തി സിംഗ്, സർവകലാശാല സ്റ്റാന്റിംഗ് കോൺസൽ അഡ്വ. സുരിൻ ജോർജ് ഐപ്പ് എന്നിവർ ഹാജരായി.*

*(പി.ആർ.ഒ/39/1521/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി ജിയോളജി, ക്ലിനിക്കൽ ന്യൂട്രീഷ്യൻ ആന്റ് ഡയറ്റെറ്റിക്സ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 14 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

.....................

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി ആക്ച്യൂരിയൽ സയൻസ്, എംഎസ്സി കെമിസ്ട്രി (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

.....................

*ഒന്നും രണ്ടും സെമസ്റ്റർ എംഎ പൊളിറ്റിക്സ് പ്രൈവറ്റ് രജിസ്ട്രേഷൻ (2018 അഡ്മിഷൻ സപ്ലിമെന്ററി, 2016, 2017 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ഓഗസ്റ്റ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 12 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1522/2025)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ ബോട്ടണി (മോഡൽ 1,2,3 സിബിസിഎസ്-2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ*

*ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് അഞ്ചു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1523/2025)*

## <u>പരീക്ഷാ തീയതി</u>

*ഒന്നാം സെമസ്റ്റർ ബിഎ, ബികോം പ്രോഗ്രാം (പ്രൈവറ്റ് രജിസ്ട്രേഷൻ 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകൾ മെയ് 21 മുതൽ നടക്കും.*

.....................

*രണ്ടാം സെമസ്റ്റർ ഐഎംസിഎ (2024 അഡ്മിഷൻ റെഗുലർ, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ മെയ് എട്ടു മുതൽ നടക്കും.*

*(പി.ആർ.ഒ/39/1524/2025)*

## <u>വൈവ വോസി</u>

*നാലാം സെമസ്റ്റർ എൽഎൽഎം (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ മെയ് 13, 14, 15 തീയതികളിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ*

*(പി.ആർ.ഒ/39/1525/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ